**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 172** — **21-06-2024 - ൽ മറുപടിയ്ക്ക്**

**ശിശു ക്ഷേമ സമിതിയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ശ്രീമതി യു പ്രതിഭ ,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഉപേക്ഷിക്കപ്പെടുന്ന ശിശുക്കൾക്ക് അഭയ കേന്ദ്രമൊരുക്കുന്നതിനും അവരെ ഉത്തമ പൗരന്മാരായി വളർത്തിയെടുക്കുന്നതിനും വനിതാ ശിശു വികസന വകുപ്പ് നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | 2015 ലെ ബാലനീതി നിയമം പ്രധാനമായും പരിഗണന നൽകുന്നത് ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ളതും നിയമവുമായി പൊരുത്തപ്പെടാത്ത വരുമായ കുട്ടികൾക്കാണ്. ഉപേക്ഷിക്കപ്പെടുന്ന കുട്ടി ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള വിഭാഗത്തിലുള്ള കുട്ടിയായതിനാൽ ഇത്തരം കുട്ടികൾക്ക് സ്ഥാപനസംരക്ഷണവും സ്ഥാപനേതര സംരക്ഷണവും മിഷൻ വാത്സല്യ പദ്ധതി പ്രകാരം നൽകി വരുന്നു. ജെജെ ആക്ട് നിഷ്കർഷിക്കുന്നതു പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ പുനരധിവാസം സംബന്ധിച്ച് പരിശോധന നടത്തി തീരുമാനം എടുക്കുന്നതിനായി ജില്ലാ ശിശു സംരക്ഷണ യൂണിറ്റിലെ ഉദ്യോഗസ്ഥരുടെ സഹായസഹകരണങ്ങളോടെ ഓരോ ജില്ലയിലും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു. ഉപേക്ഷിക്കപ്പെട്ട കുട്ടികളെ സുരക്ഷിതമായി സംരക്ഷിക്കുന്നതിന് ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത സർക്കാർ നേരിട്ട് നടത്തുന്ന 16 ചിൽഡ്രൻസ് ഹോമുകളും സന്നദ്ധ സംഘടനകളുടെ കീഴിൽ പ്രവർത്തിക്കുന്ന 472 ചിൽഡ്രൻസ് ഹോമുകളും, 6 വയസ്സിൽ താഴെയുള്ള കുട്ടികളെ സംരക്ഷിക്കുന്ന 14 അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങളും (SAA) നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഉപേക്ഷിക്കപ്പെട്ട 0 മുതൽ 18 വയസ്സ് വരെയുള്ള കട്ടികൾക്ക് കുടുംബാന്തരീക്ഷം, സുരക്ഷ, സംരക്ഷണം, പുനരധിവാസം ഇവ കൃത്യമായും ഉറപ്പാക്കുന്നതിനായി ബാലനീതി നിയമപ്രകാരം ദത്തെടുക്കൽ, പോറ്റി വളർത്തൽ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കുടുംബാന്തരീക്ഷം ഉറപ്പാക്കാൻ സാധിക്കാതെ വിവിധ ഹോമുകളിൽ കഴിയുന്ന 16 നും 18 വയസ്സിനും ഇടയിലുള്ള കുട്ടികളുടെ അഭിരുചിയ്ക്കനുസരിച്ച് വിവിധ പരിശീലനങ്ങൾ നൽകി സ്വയംപ്രാപ്തി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. 18 വയസ്സ് പൂർത്തിയായിട്ടും മറ്റൊരു ആശ്രയവുമില്ലാത്തവർക്ക് ആഫ്റ്റർ കെയർ ഹോമുകളിൽ തുടർന്നും സംരക്ഷണവും വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട് .<br><br>ഉപേക്ഷിക്കപ്പെടുന്ന കുട്ടിക്കൾക്ക് മാത്രമല്ല ബാലനീതി നിയമത്തിലെ 2(14) ൽ നിഷ്കർഷിക്കുന്ന ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള നിയമവുമായി പൊരുത്തപ്പെടാത്തതുമായ എല്ലാ കുട്ടികളുടെയും സുരക്ഷ, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിന് വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മുഖാന്തരം വിവിധ പദ്ധതികൾ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ശിശുക്ഷേമ സമിതിയുടെ നിലവിലെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ; | (ബി) | ബഹു.മുഖ്യമന്ത്രി പ്രസിഡന്റും വനിതാ ശിശുവികസന വകുപ്പ് മന്ത്രി ഒന്നാം വൈസ് പ്രസിഡന്റുമായ കേരള സംസ്ഥാന ശിശുക്ഷേമ സമിതി സംസ്ഥാനത്തെ കുട്ടികളുടെ ക്ഷേമത്തിനായി ഒട്ടനവധി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. 'ബാലസൗഹൃദ കേരളം' എന്ന കേരള സർക്കാരിന്റെ ലക്ഷ്യപ്രാപ്തീകരണത്തിനായി സ്നേഹവാത്സല്യവും കരുതലും വിദ്യാഭ്യാസവും വിനോദവും കുട്ടികളുടെ ജന്മാവകാശമാണ് എന്ന തിരിച്ചറിവോടെ അവരുടെ അവകാശങ്ങൾ ഉറപ്പ് വരുത്തി അവർക്കിണങ്ങിയ ലോകം പടുത്തുയർത്തുന്നതിനായി സമിതി പ്രവർത്തിച്ചു വരുന്നു.<br><br>അനാഥരോ അശരണരോ ആയിത്തീരാവുന്ന കുരുന്നുകൾക്ക് പരിചരണവും സംരക്ഷണവും നൽകുകയും ദത്തെടുക്കൽ മുഖേന ശോഭനമായ ഭാവി ഉറപ്പ് വരുത്തുകയും ചെയ്യുകയാണ് സമിതി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനം. നിലവിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ സമിതിയ്ക്കു കീഴിൽ അംഗീകൃത ദത്തെടുക്കൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമേ എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ ശിശുപരിചരണ കേന്ദ്രങ്ങളുമുണ്ട്.<br><br>ആറു വയസ്സിനുമേൽ പ്രായമുള്ള പെൺകുട്ടികൾക്കായി ദേശീയ തലത്തിൽ തന്നെ മികച്ച ആധുനിക സൗകര്യങ്ങളുള്ള പരിചരണ കേന്ദ്രം പ്രവർത്തിച്ചു വരുന്നു.<br><br>നവംബർ 14 ശിശുദിനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ശിശുദിന പരിപാടികൾ സംഘടിപ്പിക്കുന്നത് ശിശുക്ഷേമ സമിതിയുടെ മേൽനോട്ടത്തിലാണ്.<br><br>സമിതിയുടെ നേതൃത്വത്തിൽ ശിശുദിനത്തോടനുബന്ധിച്ച് എല്ലാ ജില്ലകളിലും നഴ്സറി, എൽ.പി., യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കലോത്സവം വിപുലമായ നിലയിൽ സംഘടിപ്പിക്കാറുണ്ട്. എല്ലാ വർഷവും ശിശു ദിനത്തോടനുബന്ധിച്ച് ശിശു ദിന സ്റ്റാമ്പ് അച്ചടിച്ച് വിതരണം നടത്തി വരുന്നു.<br><br>കണ്ണൂർ പിണറായിയിൽ ബാലഭവൻ പ്രവർത്തിച്ചു വരുന്നു.<br><br>തൃശ്ശൂരിൽ ഓട്ടിസം കുട്ടികൾക്കായി ഓട്ടിസം സ്കൂൾ പ്രവർത്തിച്ച് വരുന്നു.<br><br>സമിതിയുടെ കീഴിൽ വിവിധ ജില്ലകളിലായി നിലവിൽ 144 ക്രഷുകൾ പ്രവർത്തിക്കുന്നു.<br><br>ദത്തെടുക്കൽ പ്രോത്സാഹിപ്പിക്കുന്നതിനും ദത്തെടുക്കലിന്റെ നിയമ നടപടികൾ പൊതു സമൂഹത്തിലേക്ക് എത്തിക്കുന്നതിനുമായി ദത്തെടുക്കൽ അവബോധപരിപാടികൾ സംഘടിപ്പിച്ച് പോരുന്നു.<br><br>കുട്ടികളെ വഴിവക്കിലും മറ്റും ഉപേക്ഷിക്കാതെ വ്യക്തികളുടെ സ്വകാര്യത സംരക്ഷിച്ചു കൊണ്ട് കുഞ്ഞുങ്ങളെ സുരക്ഷിതമായി എൽപ്പിച്ചു നൽകാൻ പര്യാപ്തമായ രീതിയിൽ അമ്മത്തൊട്ടിലുകൾ സ്ഥാപിച്ചു പരിപാലിച്ചു വരുന്നു.<br><br>അതിദരിദ്ര വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി. പാസ്സായ കുട്ടികൾക്കും, ആദിവാസി ഊരുകളിൽ താമസിക്കുന്ന വിഭാഗത്തിൽപ്പെട്ട കുഞ്ഞുങ്ങൾക്കും പഠന സഹായം എത്തിക്കുന്നതിന് ശിശുക്ഷേമം സ്കോളർഷിപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

<table>
<tr><td>(സി)</td><td>സംസ്ഥാനത്ത് നിലവിൽ എവിടെയെല്ലാമാണ് അമ്മത്തൊട്ടിൽ ഉള്ളതെന്നും ഈ സർക്കാർ വന്നതിനു ശേഷം അമ്മത്തൊട്ടിൽ വഴി എത്ര ശിശുക്കളെ ലഭിച്ചുവെന്നും വ്യക്തമാക്കാമോ;</td><td>(സി)</td><td>തിരുവനന്തപുരം, കൊല്ലം, പത്തനതിട്ട, ആലപ്പുഴ, എറണാകുളം, കോട്ടയം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ നിലവിൽ അമ്മത്തൊട്ടിലുകൾ പ്രവർത്തിച്ചു വരുന്നു. കോഴിക്കോട് ജില്ലയിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ബീച്ച് ഹോസ്പിറ്റലിൽ അമ്മത്തൊട്ടിൽ നിർമ്മാണം നടന്നു വരുന്നു.<br><br>ഈ സർക്കാർ വന്നതിനുശേഷം ചുവടെ പറയും പ്രകാരം 42 കുട്ടികളെയാണ് അമ്മത്തൊട്ടിൽ മുഖാന്തിരം ലഭ്യമായിട്ടുള്ളത്.<br><br>2021 മുതൽ ഇതുവരെ അമ്മത്തൊട്ടിൽ മുഖേന ഓരോ ജില്ലയിലും കിട്ടിയ കുട്ടികളുടെ എണ്ണം<br><br><table>
<tr><th>ജില്ല</th><th>2021</th><th>2022</th><th>2023</th><th>2024</th><th>ആകെ</th></tr>
<tr><td>തിരുവനന്തപുരം</td><td>4</td><td>7</td><td>9</td><td>6</td><td>26</td></tr>
<tr><td>കൊല്ലം</td><td>3</td><td>-</td><td>1</td><td>-</td><td>4</td></tr>
<tr><td>പത്തനംതിട്ട</td><td>1</td><td>1</td><td>-</td><td>-</td><td>2</td></tr>
<tr><td>ആലപ്പുഴ</td><td>1</td><td>3</td><td>-</td><td>1</td><td>5</td></tr>
<tr><td>കോട്ടയം</td><td>-</td><td>-</td><td>-</td><td>1</td><td>1</td></tr>
<tr><td>എറണാകുളം</td><td>-</td><td>-</td><td>1</td><td>1</td><td>2</td></tr>
<tr><td>തൃശ്ശൂർ</td><td>-</td><td>-</td><td>1</td><td>-</td><td>1</td></tr>
<tr><td>മലപ്പുറം</td><td>1</td><td>-</td><td>-</td><td>-</td><td>1</td></tr>
</table></td></tr>
<tr><td>(ഡി)</td><td>നിലവിലെ നിയമങ്ങൾ കുട്ടികളെ ദത്തെടുക്കുന്ന നടപടികളെ കൂടുതൽ സങ്കീർണ്ണമാക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td>(ഡി)</td><td>നിലവിൽ പരാതികൾ ലഭ്യമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.</td></tr>
<tr><td>(ഇ)</td><td>കൂടുതൽ സുതാര്യതയും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന തരത്തിൽ ദത്തെടുക്കൽ പ്രക്രിയ മെച്ചപ്പെടുത്തുന്നതിന് നിയമ ഭേദഗതി ആവശ്യമുണ്ടോ; എങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ?</td><td>(ഇ)</td><td>ദത്തെടുക്കൽ മേഖല സുതാര്യമാക്കുന്നതിന്റെ ഭാഗമായി സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി ദത്തെടുക്കൽ പ്രക്രിയ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ നടപ്പിലാക്കിവരുന്നു. 2015 ലെ ബാലനീതി നിയമം 56(1) പ്രകാരം അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ച് കൊടുക്കപ്പെട്ടവരുമായ കുട്ടികളെ ദത്തെടുക്കൽ പദ്ധതി മുഖാന്തിരം കുടുംബങ്ങളിലേക്ക് പുനരധിവസിപ്പിക്കുന്നത് സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി പുറപ്പെടുവിച്ച അഡോപ്ഷൻ റഗുലേഷൻ പ്രകാരമാണ്. ദത്തെടുക്കൽ നടപടിക്രമം വേഗത്തിലാക്കുന്നതിന്റെ ഭാഗമായി കോടതിയുടെ അധികാര പരിധിയിൽ നിന്ന് ജില്ലാ മജിസ്ട്രേറ്റിന്റെ അധികാര പരിധിയിലേക്ക് മാറ്റി നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ദത്തെടുക്കൽ പ്രക്രിയയിൽ നിയമ ഭേദഗതി വരുത്തുന്നതിനുള്ള പൂർണ്ണഅധികാരം ബാലനീതി നിയമപ്രകാരം സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയിൽ നിക്ഷിപ്തമാണ് .</td></tr>
</table>

സെക്ഷൻ ഓഫീസർ